(സി) എങ്കിൽ പെരിൽപ്പ് ഡെസ്ക്ക് ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 148 പെറ്റീഷനുകൾ

(ബി&സി) ഇല്ല.

മലപ്പുറം ജില്ലയിലെ അക്ഷയ കേന്ദ്രങ്ങൾ

215 (6666) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എത്ര അക്ഷയകേന്ദ്രങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) പുതിയ അക്ഷയകേന്ദ്രങ്ങൾ അനുവദിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും മുൻഗണനകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മലപ്പുറം ജില്ലയിൽ അക്ഷയ കംപ്യൂട്ടർ സാക്ഷരതാ പദ്ധതി നടപ്പാക്കിയ കാലത്ത് (2002-04) സംരംഭകരായിരുന്നവർക്കും പദ്ധതി നിർത്തലാക്കിയപ്പോൾ കേന്ദ്രങ്ങൾ തുടരാനാവാതെ നിർത്തിയവർക്കും പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ മുൻഗണന നൽകുമോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ 191 അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ പുതിയ അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുവരുന്നു.

(സി) പഞ്ചായത്തിൽ പരമാവധി 2 അക്ഷയകേന്ദ്രങ്ങളും മുനിസിപ്പാലിറ്റിയിൽ പരമാവധി 6 അക്ഷയ കേന്ദ്രങ്ങളും കോർപ്പറേഷനുകളിൽ 8-10-ഉം വീതമെന്ന കണക്കിലാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. എന്നാൽ മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ച അവസരത്തിൽ ഗ്രാമപഞ്ചായത്തിൽ 4 അക്ഷയ കേന്ദ്രങ്ങൾവരെ അനുവദിച്ചിട്ടുണ്ട്. ഭൂവിസ്തൃതിയുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പഞ്ചായത്തിന്റെയും അക്ഷയ ഡയറക്ടറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാറുണ്ട്.

(ഡി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് മുൻഗണന ക്രമം നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly